# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **607** — 08.03.2012-ൽ മറുപടിക്ക്

## സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളുടെ നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം.ഷാജി :<br>,, എം.പി.അബ്ദുസ്സമദ് സമദാനി :<br>,, പി.കെ.ബഷീർ :<br>,, സി.മമ്മുട്ടി : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ജനങ്ങൾക്ക് സ്വകാര്യ ചികിത്സാ സ്ഥാപനങ്ങൾ നൽകേണ്ട സേവന നിലവാരം നിജപ്പെടുത്തിക്കൊണ്ടുള്ള നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അത്തരമൊരു നിയമം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയിലേയ്ക്കായി തയ്യാറാക്കിയ ബില്ലിന്റെ കരട് രൂപം പരിശോധിച്ചുവരികയാണ്. ഈ ബിൽ നിലവിൽ വരുന്ന സമയം സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പരിശോധനക്കും നിയന്ത്രണത്തിനും ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിയ്ക്കുന്നതാണ്. |
| (ബി) ഇത്തരം സ്ഥാപനങ്ങളെ സേവന സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നൽകാമോ ; | (ബി) തരം തിരിച്ചിട്ടില്ല. |
| (സി) സേവനങ്ങൾക്ക് ഈടാക്കാവുന്ന നിരക്കുകൾ നിശ്ചയിക്കുവാനും അത് പ്രസിദ്ധപ്പെടുത്തുവാനും സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ അത്തരമൊരു സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ ; | (സി) നിലവിലില്ല. |
| (ഡി) സംസ്ഥാനത്ത് ചെറുതും വലുതുമായ എത്ര ചികിത്സാ സ്ഥാപനങ്ങൾ ഉണ്ട് ; അവയുടെ ജില്ല തിരിച്ചും ബ്രാഞ്ച് തിരിച്ചുമുള്ള വിവരം ലഭ്യമാക്കാമോ ? | (ഡി) സംസ്ഥാനത്തെ സ്വകാര്യ ചികിത്സാകേന്ദ്രങ്ങൾ രജിസ്റ്റർ ചെയ്യുന്ന സംവിധാനം നിലവിലില്ല. ആയതിനാൽ ചെറുതും വലുതുമായ ചികിത്സാ സ്ഥാപനങ്ങളുടെ കണക്കുകൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ